(സി) കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 17 ഓഫീസുകൾ നിലവിലുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

സംസ്ഥാനത്ത് നീര ഉല്പാദനം നടത്തുന്ന ഏജൻസികൾ

281 (1722) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉല്പാദനം എവിടെയെല്ലാമാണ് നടത്തുന്നതെന്നും ഏതെല്ലാം ഏജൻസികളാണ് ഇത് സംഭരിക്കുന്നതെന്നും വ്യക്തമാക്കുമോ; ഉല്പന്നങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നീര ഉല്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത് ; എവിടെയെല്ലാമാണെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾവഴി നീര ഉല്പന്ന വിതരണവും വില്പനയും നടത്തുവാൻ അവസരം നൽകിയാൽ അത് തെങ്ങ് മേഖലയ്ക്ക് ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സഹകരണ സംഘങ്ങളുമായി ചേർന്ന് വിതരണ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും (കേരാമൃതം) തെങ്ങിൻ പൂക്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്നു പൈലറ്റ് പ്രോജക്ടുകൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയതിൽ ആദ്യ പ്രോജക്ട് നീലേശ്വരം ക്യാമ്പസിൽ നടപ്പിലാക്കി വരുന്നു. ടി നീര പൈലറ്റ് യൂണിറ്റിൽ കേര നീര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദിപ്പിക്കുന്നു. നാളികേര വികസന കോർപ്പറേഷനാണ് വിപണന ചുമതല. നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂരുള്ള കേന്ദ്രത്തിൽ നീര സംഭരണവും സംസ്കരണവും നടത്തുന്നുണ്ട്. കാർഷിക സർവ്വകലാശാല കേരാമൃതം (കേരനീര) കേരചക്കര എന്നീ ഉല്പന്നങ്ങളാണ് ഉണ്ടാക്കുന്നത്.

(ബി) നീര ഉൽപ്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻവഴിയാണ് നടത്തുന്നത്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലെ വെൻഡിംഗ് മെഷീൻ മുഖേനയും കോർപ്പറേഷന്റെ ഏലത്തൂർ, എടപ്പള്ളി എന്നിവിടങ്ങളിലുമുള്ള വില്പന കേന്ദ്രങ്ങൾ മുഖേനയുമാണ് വിപണനം നടത്തുന്നത്.

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിയാൽ നീര വിപണനത്തിലൂടെ തെങ്ങ് മേഖലയ്ക്ക് ഉണകരമാകുമെന്ന് കരുതുന്നു.

(ഡി) പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സർക്കാർ തലത്തിൽ റബ്ബർ സംഭരണം

282 (1723) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബർ കർഷകരിൽനിന്നും റബ്ബർ സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) റബ്ബർ സംഭരണത്തിലൂടെ ലക്ഷ്യമിട്ടത് എന്തായിരുന്നു ; ഈ ലക്ഷ്യം ഏത് അളവുവരെ നേടാനായി എന്നറിയിക്കാമോ ;

(സി) വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച റബ്ബർ സംഭരണ പരിപാടികളിലൂടെ ഈ വർഷം സംഭരിച്ച റബ്ബറിന്റെ കണക്ക് ലഭ്യമാണോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) സർക്കാർ തലത്തിൽ റബ്ബർ സംഭരിക്കാനുള്ള നടപടി ഫലപ്രദമാണോ ; റബ്ബർ വിലയിൽ ഇത് പ്രതിഫലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly